ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 29.11.2026 | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1.) ലഹരിക്കെതിരായ പോരാട്ടത്തിൽ യുവജനങ്ങൾ സജീവമായി പങ്കുചേരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; നശാമുക്ത് യുവ ക്യാമ്പയിൻ മികച്ച രീതിയിൽ പുരോഗമിക്കുന്നതായി മൻ കി ബാത്തിൽ പരാമർശം.

Prime Minister Narendra Modi calls upon youth to actively participate in the fight against drug abuse; highlights progress of the Nasha Mukt Yuva Campaign in Mann Ki Baat.

2.) നഷ്ടപ്പെട്ട മൊബൈൽ ഫോണുകൾ വീണ്ടെടുക്കാനും സൈബർ തട്ടിപ്പുകൾ തടയാനും സഞ്ചാർ സാഥി സംവിധാനം പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി.

Prime Minister urges people to use the Sanchar Saathi portal to recover lost mobile phones and prevent cyber fraud.

3.) അമിതവണ്ണം തടയാൻ വ്യായാമവും എണ്ണ ഉപയോഗം കുറയ്ക്കലും ശീലമാക്കണമെന്ന് പ്രധാനമന്ത്രി; ഫിറ്റ് ഇന്ത്യ സൺഡേസ് ഓൺ സൈക്കിൾ പരിപാടി നൂറ് പതിപ്പുകൾ പൂർത്തിയാക്കിയതിൽ അഭിനന്ദനം.

Prime Minister calls for regular exercise and reduced oil consumption to combat obesity; congratulates Fit India's Sundays on Cycle initiative on completing 100 editions.

4.) ലോക്സഭയുടെ പ്രത്യേക സമ്മേളനം നാളെ മുതൽ; ലോക്സഭാ സീറ്റുകളിൽ 50 ശതമാനം വർധനയും, വനിതകൾക്ക് 33 ശതമാനം സംവരണവും ലക്ഷ്യമിട്ടുള്ള ബില്ലുകൾ അവതരിപ്പിക്കും.

Special session of Lok Sabha to begin tomorrow; Bills proposing a 50 per cent increase in Lok Sabha seats and 33 per cent reservation for women to be introduced.

5.) പതിനാറാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിന് നാളെ തുടക്കമാകും.

Third session of the 16th Kerala Legislative Assembly to begin tomorrow.

6.) രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലൻഡിന് 243 റൺസിന്റെ രണ്ടാം ഇന്നിങ്സ് ലീഡ്

New Zealand takes a 243-run second-innings lead against India in the second cricket Test.

&&&&&&&&&&&&&&&&

HEADLINES-1

MANN KI BAAT-NASHAMUKT (INTRO)

ലഹരിക്കെതിരായ പോരാട്ടത്തിൽ യുവജനത സജീവമായി പങ്കുചേരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലഹരിയിൽനിന്ന് അകന്നുനിൽക്കേണ്ടത് കുടുംബത്തിന്റെയും രാജ്യത്തിന്റെയും ഭാവിക്ക് അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രതിമാസ റേഡിയോ പരിപാടിയായ മൻ കിബാത്തിന്റെ 140-ാംം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വന്തം പ്രയത്നത്തിലൂടെ ലഹരിയിൽ നിന്നും മോചനം നേടിയ ഡൽഹി സ്വദേശിയായ യുവാവുമായി അദ്ദേഹം ആശയവിനിമയം നടത്തി. ലഹരിക്കെതിരായി നടപ്പാക്കുന്ന നശാമുക്ത് യുവ കാമ്പയിൻ മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&

MANN KI BAAT- iGOT

സർക്കാർ ജീവനക്കാരുടെ നൈപുണ്യ വികസനത്തിനായുള്ള iGOT കർമ്മയോഗി ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ 17 ഇന്ത്യൻ ഭാഷകളിലായി 7,000-

ത്തിലധികം കോഴ്സുകൾ ലഭ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളിൽ പരിശീലനം നേടാൻ ജീവനക്കാർ താത്പര്യം പ്രകടിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

3.25 കോടിയിലധികം കോഴ്സ് പൂർത്തീകരണങ്ങൾ രേഖപ്പെടുത്തിയതായും മൻ കി ബാത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

HEADLINES-2

MANN KI BAAT- SANCHAR SATHI (INTRO)

നഷ്ടപ്പെട്ട മൊബൈൽ ഫോണുകൾ വീണ്ടെടുക്കുന്നതിനും സൈബർ തട്ടിപ്പുകൾ തടയുന്നതിനും സഞ്ചാർ സാഥി സംവിധാനം പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ സംവിധാനത്തിലൂടെ രാജ്യത്തുടനീളം 14 ലക്ഷത്തിലധികം നഷ്ടപ്പെട്ട ഫോണുകൾ വീണ്ടെടുക്കാനായതായി അദ്ദേഹം പറഞ്ഞു. സംശയാസ്പദമായ ഫോൺ നമ്പറുകളും തട്ടിപ്പ് കോളുകളും സഞ്ചാർ സാഥിയിൽ റിപ്പോർട്ട് ചെയ്യാൻ പൊതുജനങ്ങൾ തയ്യാറാകണം. വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അയ്യായിരം കോടി രൂപയിലധികം വരുന്ന സാമ്പത്തിക നഷ്ടം തടയാനും സംവിധാനത്തിലൂടെ കഴിഞ്ഞതായി പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&

MANN KI BAAT-MUSEUM

ഇന്ത്യയിലെ മ്യൂസിയങ്ങൾ ആഗോള ശ്രദ്ധ നേടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ലോകത്തെ മികച്ച 100 മ്യൂസിയങ്ങളുടെ പട്ടികയിൽ പട്നയിലെ ബിഹാർ മ്യൂസിയത്തിന് ഒമ്പതാം സ്ഥാനം ലഭിച്ചു. ഗുജറാത്തിലെ അനന്ത് അനാദി വഡ്നഗർ ആർക്കിയോളജിക്കൽ എക്സ്പീരിയൻഷ്യൽ മ്യൂസിയത്തിന് " റെഡ് ഡോട്ട്; ബെസ്റ്റ് ഓഫ് ദ ബെസ്റ്റ് " പുരസ്കാരം ലഭിച്ചതും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. ഈ പുരസ്കാരം നേടുന്ന ഇന്ത്യയിലെ ആദ്യ മ്യൂസിയമാണിത്.

&&&&&&&&&&&&&&&&

MANN KI BAAT-VENICE BIENNALE

വെനീസ് ആർട്ട് ബിനാലെയിൽ ഇന്ത്യയുടെ പവലിയനെ ഏറ്റവും മികച്ചതായി തിരഞ്ഞെടുത്തതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. നാലര ലക്ഷത്തോളം പേരാണ് ഇന്ത്യയുടെ പവലിയൻ സന്ദർശിച്ചത്. രാജ്യത്തെ കല, വാസ്തുവിദ്യ, ഡിസൈൻ മേഖലകൾക്ക് പ്രോത്സാഹനമേകുന്ന ഇന്ത്യ ബിനാലെ ഡിസംബർ ആദ്യവാരം ഡൽഹിയിൽ ആരംഭിക്കും. 108 ദിവസം നീളുന്ന പരിപാടിയിൽ ചരിത്രസ്മാരകങ്ങളും മ്യൂസിയങ്ങളും ആർട്ട് ഗാലറികളും പങ്കാളികളാകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

MANN KI BAAT- CHOCLATE

ഇന്ത്യൻ പരമ്പരാഗത മധുരവിഭവങ്ങൾക്കും ചോക്ലേറ്റുകൾക്കും ആഗോള വിപണിയിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. തമിഴ്നാട്ടിലെ ഈറോഡിൽ നിന്നുള്ള പനഞ്ചക്കര ആദ്യമായി യൂറോപ്പിലെത്തി. കഴിഞ്ഞ വർഷം ചോക്ലേറ്റിന്റെയും കൊക്കോ ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ 25 ശതമാനത്തോളം വർധനയുണ്ടായതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

HEADLINES-3

MANN KI BAAT-FIT INDIA (INTRO)

ഫിറ്റ് ഇന്ത്യയുടെ സൺഡേസ് ഓൺ സൈക്കിൾ പരിപാടി നൂറ് പതിപ്പുകൾ പൂർത്തിയാക്കിയതിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2024 ഡിസംബറിൽ ആരംഭിച്ച പരിപാടിയിൽ 30,000-ത്തിലധികം കേന്ദ്രങ്ങളിലായി 37 ലക്ഷം പേർ പങ്കാളികളായതായും ശ്രീ മോദി വ്യക്തമാക്കി.

അമിതവണ്ണം രാജ്യത്തിന് മുന്നിലുള്ള വലിയ വെല്ലുവിളിയാണെന്നും ഭക്ഷണത്തിലെ എണ്ണയുടെ ഉപയോഗം പത്ത് ശതമാനം കുറയ്ക്കണമെന്നും വ്യായാമം ശീലമാക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. (ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&

MANN KI BAAT-SPORTS

കായികരംഗത്ത് ഇന്ത്യ തുടർച്ചയായി നേട്ടങ്ങൾ കൈവരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ പത്താം സാഫ് കിരീടനേട്ടം, ലക്ഷ്യ സെന്നിൻറെയും പി.വി. സിന്ധുവിൻറെയും വിജയങ്ങൾ എന്നിവയും പ്രധാനമന്ത്രി പരാമർശിച്ചു. എട്ടാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ഡിസംബർ 11 മുതൽ 22 വരെ തെലങ്കാനയിലെ ആറ് നഗരങ്ങളിലായി നടക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

MANDAVIYA - FIT INDIA

ആരോഗ്യവും കായികക്ഷമതയുമുള്ളതുമായ ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ യുവജനങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. പൂനെയിലെ 'ഫിറ്റ് ഇന്ത്യ സൺഡേ ഓൺ സൈക്കിൾ' പരിപാടി യുടെ 100-ാമത് പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ തിരുവനന്തപുരം റീജിയണൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ഫിറ്റ് ഇന്ത്യ - സൺഡേസ് ഓൺ സൈക്കിൾ' പരിപാടിയുടെ നൂറാം പതിപ്പ് സംഘടിപ്പിച്ചു. വി.മുരളീധരൻ എംഎൽഎ പരിപാടിയിൽ പങ്കെടുത്തു. കൊല്ലം സ്പോർട്സ് ട്രെയിനിങ് സെന്ററിന്റെയും മേരാ യുവഭാരതിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൈക്കിൾ റാലിയിൽ നിരവധി പേർ പങ്കുചേർന്നു.

&&&&&&&&&&&&&&&&

BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&

HEADLINES-5

KERALA-ASSEMBLY

പതിനാറാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം നാളെ ആരംഭിക്കും. ഒൻപത് ദിവസമാണ് സഭ ചേരുന്നത്. എട്ടു ദിവസം നിയമനിർമാണത്തിനും ഒരു ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനും വിനിയോഗിക്കും. ഒൻപത് ബില്ലുകൾ സമ്മേളനത്തിൽ പരിഗണിക്കും.

&&&&&&&&&&&&&&&&

HEADLINES-4

REV PREZ – DELIMATION BILL

നാളെ ആരംഭിക്കുന്ന ലോക്സഭയുടെ പ്രത്യേക സമ്മേളനത്തിൽ ഭരണഘടന (നൂറ്റി മുപ്പത്തി രണ്ടാം ഭേദഗതി) ബിൽ 2026, മണ്ഡല പുനർനിർണയ രണ്ടാം ബിൽ 2026, തുടങ്ങിയവ അവതരിപ്പിക്കും. കേന്ദ്രമന്ത്രി അർജുൻ റാം മേഘ്വാളാണ് രണ്ട് ബില്ലുകളും അവതരിപ്പിക്കുന്നത്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ (ഭേദഗതി) രണ്ടാം ബില്ലും അവതരിപ്പിക്കും. ബില്ലുകൾ നിയമമാകുന്നതോടെ എല്ലാ സംസ്ഥാനങ്ങളിലും ലോക്സഭാ സീറ്റുകളുടെ എണ്ണം 50 ശതമാനം വർധിപ്പിക്കുന്നതിനും 2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനും വഴിയൊരുങ്ങും. മണ്ഡല പുനർനിർണയ ബിൽ ലോക്സഭയുടെ പരിഗണനയ്ക്ക് വിടാൻ രാഷ്ട്രപതി ദ്രൗപദി മുർമു ശുപാർശ ചെയ്തിരുന്നു.

&&&&&&&&&&&&&&&&

PM-BHUPEN HAZARIKA

ന്യൂഡൽഹിയിൽ നടക്കുന്ന ഭൂപൻ ഹസാരികയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപന ചടങ്ങിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. 'സുധാകണ്ഠ' എന്നും 'ബ്രഹ്മപുത്രയുടെ ഗായകൻ' എന്നും അറിയപ്പെടുന്ന ഭൂപൻ ഹസാരിക ജനിച്ചത് 1926 സെപ്റ്റംബർ

8-ന് അസമിലെ സാദിയയിലാണ്. 2019-ൽ രാജ്യം മരണാനന്തര ബഹുമതിയായി 'ഭാരതരത്നം' നൽകി ആദരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

DAY RAJNATH PRAISES NDA CADETS

ആധുനിക യുദ്ധങ്ങൾ സൈബർ ഇടം, ബഹിരാകാശം, നിർമ്മിത ബുദ്ധി എന്നിവയിലേക്ക് മാറുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പൂനെയിൽ നാഷണൽ ഡിഫൻസ് അക്കാദമിയുടെ 151-ാമത് പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിഫോം ധരിക്കുന്നതു വലിയ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

HEADLINES-6

REV CRICKET- INDIA-NZ-DAY 3

ഇന്ത്യക്കെതിരായ രണ്ടാം പുരുഷ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനു 243 റണ്ണിന്റെ രണ്ടാം ഇന്നിംഗ്സ് ലീഡ്. നേരത്തെ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 246 നു എല്ലാവരും പുറത്താവുക ആയിരുന്നു.

അതിനിടെ ബാറ്റിങ്ങിനിടെ പരിക്കേറ്റ ഫാസ്റ്റ് ബൗളർ ആകാശ് ദീപിന് പകരമായി പ്രസിദ്ധ് കൃഷ്ണയെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തി.

&&&&&&&&&&&&&&&&

LAKSHWDP- PRAFUL

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ കവരത്തി, ആന്ത്രോത്ത് ദ്വീപുകളിലെ വിവിധ വികസന പദ്ധതികളുടെ പുരോഗതി നേരിട്ട് വിലയിരുത്തി. ആന്ത്രോത്ത് ദ്വീപിൽ നിർമ്മാണം പുരോഗമിക്കുന്ന സ്കൂൾ കെട്ടിട സമുച്ചയം സന്ദർശിച്ച അദ്ദേഹം നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചു.

&&&&&&&&&&&&&&&&

NETANYAHU-EISENKOT

ഇസ്രായേലിൽ ഐക്യസർക്കാരിന്റെ തുടക്കത്തിൽ പ്രതിപക്ഷ നേതാവ് ഗാഡി ഐസൻകോട്ടിനെ പ്രധാനമന്ത്രിയാക്കാൻ തയ്യാറാണെന്ന് ബെന്യമിൻ നെതന്യാഹു. ഒക്ടോബർ 27-ന് നടന്ന തെരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കും ഭൂരിപക്ഷം ലഭിക്കാത്തതിനെത്തുടർന്നാണ് സർക്കാർ രൂപീകരിക്കാൻ പ്രസിഡന്റ് ഐസക് ഹെർസോഗ്, ഐസൻകോട്ടിനെ ചുമതലപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&

PM-RAMGARH ACCIDENT

ത്ധാർഖണ്ഡിലെ രാംഗഡ് ജില്ലയിൽ വാഹനാപകടത്തിൽ മരണമടഞ്ഞവർക്ക് പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ചു . പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്ന് ആശംസിച്ച അദ്ദേഹം ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാഗങ്ങൾക്ക് രണ്ടു ലക്ഷം രൂപ നൽകുമെന്ന് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു .അപകടത്തിൽ 13 പേർക്കാണ് ജീവൻ നഷ്ടമായത്.

&&&&&&&&&&&&&&&&&
&&&&&&&&
&&&&&
&&